നം.ക്യൂഐപി2/12291/20/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം തീയതി: 22.07.2020
ഫോൺ നം: 0471-2580506

## സർക്കുലർ

വിഷയം:- പൊ.വി.- 2019-20 വർഷത്തെ മികച്ച പി.റ്റി.എ തെരഞ്ഞെടുക്കൽ- സംബന്ധിച്ച്

സൂചന:- ജി.ഒ (ആർ.റ്റി) നം. 411/2011/പൊ.വി. തീയതി 29/01/2011

സംസ്ഥാനത്തെ മികച്ച സർക്കാർ/എയ്ഡഡ് സ്കൂൾ പി.റ്റി.എ കളെ കണ്ടെത്തി ഉപജില്ല, വിദ്യാഭ്യാസ ജില്ല, റവന്യൂജില്ല, സംസ്ഥാനതലം എന്നിങ്ങനെ ഗ്രേഡ് നൽകുന്നതിനും പ്രോത്സാഹന സഹായം നൽകുന്നതിനും സർക്കാർ സൂചന പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഈ വർഷത്തെ അവാർഡിന് പരിഗണിക്കുന്നത് താഴെപ്പറയുന്ന പ്രകാരമായിരിക്കും.

ഗവൺമെന്റ്, എയ്ഡഡ് മേഖലകളിലുള്ള സ്കൂളുകളെയാണ് അവാർഡിനായി പരിഗണിക്കുന്നത്. പ്രൈമറി, സെക്കന്ററി എന്നിങ്ങനെ രണ്ടു വിഭാഗങ്ങൾക്കായി അവാർഡുകൾ ഉണ്ടായിരിക്കും. റ്റി.റ്റി.ഐ കളെ പ്രൈമറി വിഭാഗത്തിലും റ്റി.എച്ച്.എസ്, ഫിഷറീസ് സ്കൂൾ, ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നിവയെ സെക്കന്ററി വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. പ്രൈമറി തലത്തിൽ 163 സബ്ജില്ലകളിലെ ഓരോ ജില്ലയിലെയും ഏറ്റവും മികച്ച പി.റ്റി.എ യ്ക്ക് 10,000/- രൂപ വീതം നൽകുന്നതാണ്. ഈ വിഭാഗത്തിൽ പ്രൈമറി സ്കൂളുകളെ മാത്രമായിരിക്കും പരിഗണിക്കുക. സെക്കന്ററി വിഭാഗത്തിൽ 41 വിദ്യാഭ്യാസ ജില്ലകളിലെ ഓരോ വിദ്യാഭ്യാസ ജില്ലയിലെയും മികച്ച പി.റ്റി.എ-യ്ക്ക് 25,000/- രൂപ വീതം നൽകുന്നതാണ്.

റവന്യൂ ജില്ലാതലത്തിൽ പ്രൈമറി വിഭാഗത്തിലെ ഒന്നും രണ്ടും സ്ഥാനങ്ങൾക്ക് യഥാക്രമം 60,000/-, 40,000/- എന്നീ ക്രമത്തിലും, സെക്കന്ററി വിഭാഗത്തിലെ ഒന്നും രണ്ടും സ്ഥാനങ്ങൾക്ക് യഥാക്രമം 60,000/-, 40,000/- എന്നീ ക്രമത്തിൽ തുക നൽകുന്നതാണ്. പ്രൈമറി വിഭാഗത്തിൽ മത്സരിക്കേണ്ടത് ഓരോ സബ്ജില്ലയിൽ നിന്നും 'എ' ഗ്രേഡോടു കൂടി കൂടുതൽ സ്കോർ നേടിയ പി.റ്റി.എ ആയിരിക്കും.

സെക്കന്ററി വിഭാഗത്തിൽ ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും 'എ' ഗ്രേഡോടു കൂടി കൂടുതൽ സ്കോർ നേടിയ രണ്ട് പി.റ്റി.എ കൾക്ക് മത്സരിക്കാവുന്നതാണ്. റവന്യൂ

A5
Q6
2017
Forwarded to Before 10/8/2020
all HS
27/7/2020

ജില്ലയിൽ 'എ' ഗ്രേഡും ഒന്നാം സ്ഥാനവും ലഭിക്കുന്ന പ്രൈമറി- സെക്കന്ററി വിഭാഗങ്ങളിലെ പി.റ്റി.എ കൾക്ക് സംസ്ഥാനതല മത്സരത്തിന് യോഗ്യത ഉണ്ടായിരിക്കും.

സംസ്ഥാനതലത്തിൽ പ്രൈമറി, സെക്കന്ററി വിഭാഗങ്ങളിൽ 5 സ്ഥാനങ്ങൾക്ക് താഴെപ്പറയുന്ന പ്രകാരം പ്രോത്സാഹന സഹായം നൽകുന്നതാണ്.

ഒന്നാം സ്ഥാനം 5,00,000/- രൂപ വീതം (ഓരോ മികച്ച പ്രൈമറി, സെക്കന്ററി സ്കൂളുകൾക്ക്)

രണ്ടാം സ്ഥാനം 4,00,000/- രൂപ വീതം "

മൂന്നാം സ്ഥാനം 3,00,000/- രൂപ വീതം "

നാലാം സ്ഥാനം 2,00,000/- രൂപ വീതം "

അഞ്ചാം സ്ഥാനം 1,00,000/- രൂപ വീതം "

അവാർഡ് തുക സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്.

അപേക്ഷാഫാറവും മറ്റ് വിവരങ്ങളും www.education.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന പി.റ്റി.എ കൾക്ക് ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രൊഫോർമ പൂരിപ്പിച്ച് ഒപ്പിട്ട് അനുബന്ധ രേഖകൾ സഹിതം (ഫോട്ടോ, സർട്ടിഫിക്കറ്റിന്റെ കോപ്പി, സി.ഡി മുതലായവ) സബ്ജില്ലാതലത്തിൽ എ.ഇ.ഒ മാർക്കും വിദ്യാഭ്യാസ ജില്ലാതലത്തിൽ ഡി.ഇ.ഒ മാർക്കും അയച്ച്കൊടുക്കേണ്ടതാണ്.

സബ്ജില്ലയിൽ ഒന്നാം സ്ഥാനവും 'എ' ഗ്രേഡും ലഭിക്കുന്ന പി.റ്റി.എ കളുടേയും വിദ്യാഭ്യാസ ജില്ലാതലത്തിൽ 'എ' ഗ്രേഡും ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്ന പിറ്റിഎ കളുടേയും ബന്ധപ്പെട്ട രേഖകൾ റവന്യൂ ജില്ലാതല മത്സരത്തിനായി അതാതു വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് അയച്ചുകൊടുക്കേണ്ടതാണ്. സൂചന (2) തീരുമാന പ്രകാരം റവന്യൂ - ജില്ലാതലത്തിൽ ഒന്നാം സ്ഥാനവും 'എ' ഗ്രേഡും ലഭിച്ച പ്രൈമറി/സെക്കന്ററി പി.റ്റി.എ കളെ മാത്രമേ, മാർക്ക് ഒഴിവാക്കി സംസ്ഥാനതല കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കേണ്ടതുള്ളൂ. പ്രസ്തുത പ്രൊപ്പോസലുകളുടെ മൂന്ന് കോപ്പികൾ വീതം അഡീഷണൽ ഡയറക്ടർ (ജനറൽ), പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം-14 എന്ന വിലാസത്തിൽ 22/08/2020, വൈകുന്നേരം 5.00 മണിക്ക് മുമ്പ് നേരിട്ട് എത്തിച്ചുകൊടുക്കേണ്ടതാണ്. അതിന്റെ കൂടെ തെരഞ്ഞെടുക്കപ്പെട്ട പി.റ്റി.എ കളെ കുറിച്ചുള്ള ലഘുവിവരണം തയ്യാറാക്കി അപേക്ഷയോടൊപ്പം എത്തിക്കേണ്ടതാണ്.

പ്രൊഫോർമയിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ച് നൽകുന്നതോടൊപ്പം അവാർഡ് നിർണ്ണയ സമിതി സ്കൂൾ സന്ദർശിക്കുന്ന വേളയിൽ പരിശോധനയ്ക്കായി ഈ രേഖകളുടെ അസ്സൽ നൽകേണ്ടതാണ്.

മികച്ച പി.റ്റി.എ കളെ തെരഞ്ഞെടുക്കുന്നതിനായി താഴെപ്പറയുന്ന പ്രകാരം കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

1. സബ്ജില്ല

എ.ഇ.ഒ കൺവീനറായ കമ്മിറ്റിയിൽ സബ്ജില്ലാ ചുമതലയുള്ള ഒരു ഡയറ്റ് ഫാക്കൽറ്റി, തദ്ദേശ സ്വയംഭരണ പ്രതിനിധി (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/മുൻസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ) എന്നിവർ അംഗങ്ങളായിരിക്കും.

2. വിദ്യാഭ്യാസ ജില്ല

ഡി.ഇ.ഒ കൺവീനറായ കമ്മിറ്റിയിൽ ഒരു ജില്ലാ പ്രോഗ്രാം ആഫീസർ (എസ്.എസ്.എ) ഡയറ്റ് പ്രിൻസിപ്പാൾ അല്ലെങ്കിൽ ഡയറ്റ് പ്രിൻസിപ്പാൾ നിർദ്ദേശിക്കുന്ന ഒരു ഫാക്കൽറ്റി അംഗം ജില്ലാ പഞ്ചായത്ത് അംഗം/മുൻസിപ്പൽ കോർപ്പറേഷൻ കൗൺസിലർ എന്നിവർ അംഗങ്ങളായിരിക്കും.

3. ജില്ലാതലം

ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായ കമ്മിറ്റിയിൽ വിദ്യാഭ്യാസ ഉപഡയറക്ടർ കൺവീനറും ഡയറ്റ് പ്രിൻസിപ്പാൾ ജില്ലാ പ്രോജക്ട് ആഫീസർ (എസ്.എസ്.എ) എച്ച്.എസ്.എസ് റീജിയണൽ ഡയറക്ടർ, വി.എച്ച്.എസ്.ഇ ജോയിന്റ് ഡയറക്ടർ എന്നിവരും തദ്ദേശം ഉൾക്കൊള്ളുന്ന ഡി.ഇ.ഒ, എ.ഇ.ഒ എന്നിവർ അംഗങ്ങളുമായിരിക്കും.

4. സംസ്ഥാന തലം

ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ചെയർമാനും, പൊതുവിദ്യാഭ്യാസ സെക്രട്ടറി കൺവീനറും, പൊതുവിദ്യാഭ്യാസം, സീമാറ്റ്, എസ്.സി.ഇ.ആർ.റ്റി, എസ്.എസ്.എ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി എന്നിവയുടെ ഡയറക്ടർമാർ അംഗങ്ങളുമായ കമ്മിറ്റി ആയിരിക്കും സംസ്ഥാനത്തെ മികച്ച സ്കൂൾ പി.റ്റി.എ കളെ തെരഞ്ഞെടുക്കുന്നത്.

അവാർഡിനായി **2019-20 വർഷത്തെ** പ്രവർത്തനങ്ങളാണ് പരിഗണിക്കുക. **30/06/2020** വരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്താവുന്നതാണ്. ഗവൺമെന്റ്-

എയ്ഡഡ് സ്കൂളുകളെ ഒരുമിച്ചാണ് പരിഗണിക്കുന്നത്. അവാർഡ് നിർണ്ണയത്തിനാ യുള്ള സമയക്രമം ചുവടെ ചേർക്കുന്നു.

1. ഉപജില്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കേണ്ട അവസാന തീയതി:

   05/08/2020, വൈകുന്നേരം 5.00 മണിവരെ. LAST DATE

2. ഉപജില്ലാ തലത്തിൽ എൻട്രികൾ പരിശോധിച്ച് ഒരു മികച്ച പ്രൈമറി സ്കൂൾ പി.റ്റി.എ യെ തെരഞ്ഞെടുക്കേണ്ട അവസാന തീയതി:

   **12/08/2020, വൈകുന്നേരം 5.00 മണിവരെ.**

3. വിദ്യാഭ്യാസ ജില്ലാതലത്തിൽ എൻട്രികൾ പരിശോധിച്ച് ഒരു മികച്ച സെക്കന്ററി സ്കൂൾ പി.റ്റി.എ മാരെ തെരഞ്ഞെടുക്കേണ്ട അവസാന തീയതി:

   **12/08/2020, വൈകുന്നേരം 5.00 മണിവരെ.**

4. റവന്യൂ ജില്ലാതലത്തിൽ പ്രൈമറി വിഭാഗത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ തീരുമാനി ക്കേണ്ട അവസാന തീയതി:

   **19/08/2020, വൈകുന്നേരം 5.00 മണിവരെ.**

5. റവന്യൂ ജില്ലാതലത്തിൽ സെക്കന്ററി വിഭാഗത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ തീരുമാ നിക്കേണ്ട അവസാന തീയതി:

   **19/08/2020, വൈകുന്നേരം 5.00 മണിവരെ.**

6. റവന്യൂ ജില്ലാതലത്തിൽ ഒന്നാം സ്ഥാനത്തിന് അർഹരാവുന്നവരുടെ പ്രൊപ്പോസലു കൾ **മൂന്ന് കോപ്പി വീതം (പ്രൈമറി & സെക്കന്ററി വിഭാഗങ്ങൾ)** വിദ്യാഭ്യാസ ഡയറക്ടർക്ക് എത്തിക്കേണ്ട അവസാന തീയതി:

   **22/08/2020, വൈകുന്നേരം 5.00 മണിവരെ.**

ശുപാർശകൾ കൃത്യസമയത്ത് തന്നെ ഈ ഓഫീസിൽ എത്തിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം ലിസ്റ്റ് ലഭിക്കാതെ വന്നാൽ അത്തരം ജില്ലകളിലെ സ്കൂളുകൾ മത്സരത്തിന് പരിഗണിക്ക പ്പെടാതിരിക്കാൻ സാധ്യതയുണ്ടെന്ന് കൂടി അറിയിക്കുന്നു. പി.റ്റി.എ. അവാർഡിനായി നൽകുന്ന തുകയിൽ ചെലവാകാതെ വരുന്ന തുക ചെലാൻ മുഖാന്തിരം ട്രഷറിയിൽ അടച്ച് ആയതിന്റെ പകർപ്പ് **പബ്ലിക് റിലേഷൻസ് ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറ**

ക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം–14 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

സംസ്ഥാനതലത്തിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന പി.റ്റി.എ കൾ പ്രവർത്തിക്കുന്ന സ്കൂളുകളെക്കുറിച്ചുള്ള ഡോക്യുമെന്ററികൾ തയ്യാറാക്കി വിക്ടേഴ്സ് ചാനലിലൂടെ പ്രക്ഷേപണം നടത്തുന്നതാണ്.

സി.എ. സന്തോഷ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(ജനറൽ)

എല്ലാ ഉപജില്ലാ. ജില്ലാ, വിദ്യാഭ്യാസ ഉപഡയറക്ടർ ആഫീസർമാർക്കും

പകർപ്പ് :

1. ഗവൺമെന്റ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം (with C/L)
2. ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം (with C/L)
3. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം (with C/L)
4. ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം (with C/L)
5. ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം (with C/L)
6. ഡയറക്ടർ, എസ്.എസ്.എ തിരുവനന്തപുരം (with C/L)
7. ഡി.ജി.ഇ, എഡിപിഐ (ജനറൽ), എഡിപിഐ (അക്കാദമിക്) ജോയിന്റ് ഡയറക്ടർ (സി എ മുഖാന്തിരം)
8. പബ്ലിക് റിലേഷൻസ് ഓഫീസർ
9. ബന്ധപ്പെട്ട സെക്ഷൻ സൂപ്രണ്ടുമാർ
10. സ്റ്റോക്ക് ഫയൽ